# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6<br>2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38<br>2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50<br>2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13. Jn. 14:26; II Cor. 12:12<br>2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4<br>2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMIS- | Commandment Matt. 28:19 | Forgiveness Acts 2:38 | Disciples | Penitent believers Mk. 16:16 | Water | Immersion | Till end |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 14** **April** **2000** **No. 1**

## എഡിറേറാറിയൽ

ഇന്ത്യയിൽ പൊതുവായും കേരളത്തിൽ വിശേഷിച്ചും എടുത്തു പറയാവുന്ന പല കാര്യങ്ങൾ ഉണ്ട്. പക്ഷെ നമ്മെ ആത്മീയമായി ചിന്തിപ്പിക്കുന്ന വിഷയമാണ് നമ്മെ മഥിക്കുന്നതു. ഇന്നു കേരളത്തിൽ അധികരിച്ചു വരുന്ന പ്രവണതകളിൽ ഒന്നാണ് ആത്മഹത്യ. വിവിധ കാരണങ്ങൾ അതിന്റെ പിന്നിലുണ്ട്. എന്നാൽ മനുഷ്യൻ എന്തുകൊണ്ടു അവസാനത്തെ ആയുധമെന്നു കരുതി ഇങ്ങനെ പ്രവർത്തിക്കുന്നു എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. ഭൂമിയിലേക്കു ജനിച്ചു വീഴുന്ന സാഹചര്യം മുതൽ മരണം വരെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ഈ ദൈവ നിശ്ചയത്തിനു മാററം വരുത്തുവാൻ പലരും ശ്രമിക്കുന്നു. നിസ്സാരവും സാരവുമായ കാരണങ്ങൾ ചൂണ്ടി കാണിക്കാനുണ്ട് ഇതിനെല്ലാം. അവർ കണ്ടെത്തുന്ന ഈ പരിഹാരം വാസ്തവത്തിൽ എന്തിലേക്കാണ് സമൂഹത്തെ കൊണ്ടെത്തിക്കുന്നത് ? സാമ്പത്തിക ബാദ്ധ്യതയും കുടുംബ കലഹവും ചിലരുടെ ആത്മാവിനെ ശരീരത്തിൽ നിന്നു വേർപിരിക്കുന്നുണ്ട്. ചില ദാമ്പത്യ ജീവിതം പരാജയപ്പെടുന്നതുകൊണ്ടും ജീവനൊടുക്കുന്നവർ ഉണ്ട്. മനഃശാസ്ത്രജ്ഞന്മാർ അവർക്കു ലഭിച്ച അറിവിൽ നിന്നും കണ്ടെത്തുന്നതു മാനസിക വിഭ്രാന്തിയെന്നോ, ദുർബ്ബല മനസ്സെന്നോ ആയിരിക്കും. യഥാർത്ഥ കാരണവും പരിഹാര മാർഗ്ഗവുമാണ് നമുക്ക് ആവശ്യം. അതിനാണ് എല്ലാവരും പരിശ്രമിക്കേണ്ടതു.

ആദ്യമായി കുടുംബ ബന്ധം ശിഥിലമാക്കുന്നതു എന്തുകൊണ്ടാണെന്നു നോക്കാം. സ്നേഹക്കുറവു നിമിത്തമാണ് അങ്ങനെ സംഭവിക്കുന്നത്. ഭർത്താവിൽ നിന്നു ഭാര്യക്കും ഭാര്യയിൽ നിന്നു ഭർത്താവിനും കിട്ടേണ്ടതായ സ്നേഹവും ആദരവും ലഭിക്കണം. ഭാര്യയെക്കാളുപരി പണത്തെ സ്നേഹിക്കുന്ന പുരുഷൻ തൻെറ ഭാര്യയെ മരണത്തിലേക്കു തള്ളിയിടുന്നു. ഭർത്താവിനെ സ്നേഹിച്ച് അവനെ ശുശ്രൂഷിക്കാത്ത ഭാര്യ ഭർത്താവിൻെറ നാശത്തിനു കാരണക്കാരിയാകുന്നു. ശാരീരികമായ സ്നേഹം മാത്രമല്ല ആവശ്യം. മാനസികവും ആത്മികവുമായ ഒരു നല്ല ബന്ധം അവർക്കു തമ്മിൽ ഉണ്ടായിരിക്കണം. പോരായ്മയെക്കാൾ ഉള്ള നന്മയിൽ തൃപ്തിപ്പെടാൻ കഴിയണം. സ്നേഹം പ്രകടിപ്പിക്കുവാൻ രണ്ടുപേർക്കും കഴിയണം. ആത്മിയ പ്രബോധനത്തിനു രണ്ടുപേരും കീഴടങ്ങി ജീവിക്കുവാൻ പഠിച്ചിരിക്കണം. ധാർമ്മികവും ആത്മികവുമായ ജീവിതം കുടുംബത്തിൽ നിലനിർത്തണം. ദൈവ വചനമെന്ന മാനദണ്ഡമായിരിക്കണം അവരുടെ ജീവിതത്തിൻെറ അളവുകോൽ. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതു പരിഹരിക്കാൻ കുടുംബത്തിലെ എല്ലാവരും സഹകരിക്കണം. ദൈവത്തോടുള്ള ആലോചനയുണ്ടെങ്കിൽ തെററുകൾ വഴി മാറി പോകും.

സാമ്പത്തികമായ ബാദ്ധ്യത പലരേയും ഇന്നു മാനസികമായും ശാരീരികമായും ധാർമ്മികമായും ദുഷിപ്പിക്കുന്നുണ്ട്. തീർത്താൽ തീരാത്ത കടം കയറിയതിനാൽ മറെറാരു മാർഗ്ഗവുമില്ലാതെ ജീവനൊടുക്കുന്നവരുടെ കാര്യം എടുക്കാം. നിരപരാധികളായ കുട്ടികളെയും വൃദ്ധരേയും അവർ വെറുതെ വിടുന്നില്ല. താങ്ങാനാവാത്ത അമിത ഭാരം അവർ എടുക്കുവാൻ ശ്രമിക്കുന്നതു ഒഴിവാക്കുക.

★

# ആരാണീ യേശുക്രിസ്തു

## J. C. ചോട്ട്

ഭൂരിഭാഗം പേരും ഇന്നു ലോകത്തിൽ യേശുക്രിസ്തുവിൻെറ നാമത്തെ കുറിച്ച് കേട്ടറിവ് ഉള്ളവരായിരിക്കാം. എന്നാൽ കുറച്ചുപേരെങ്കിലും യേശുക്രിസ്തുവിൻെറ നാമത്തെ കുറിച്ച് കേട്ടിട്ടില്ലാത്തവർ ഉണ്ട്. ഈ കേട്ടിട്ടുള്ളവരിൽ തന്നെ അധികം പേരും യേശു വാസ്തവത്തിൽ ആരാണെന്നറിയാതെ പരിഭ്രാന്തിയിലാണ്. ദശലക്ഷക്കണക്കിനു ആളുകൾ അവനിൽ വിശ്വസിക്കുന്നുണ്ട്. അതേപോലെ ദശലക്ഷക്കണക്കിനു വിശ്വസിക്കാത്തവരുമുണ്ട്. ആരാണീ യേശുക്രിസ്തു ?

ആരംഭത്തിൽ യേശുക്രിസ്തു ദൈവത്തോടുകൂടെയായിരുന്നു. അവൻ ദൈവത്തിൻെറ തേജസിൻെറ പ്രഭയും തത്വത്തിൻെറ മുദ്രയും സകലത്തെയും തൻെറ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഭാഗത്തു ഇരിക്കയും അവൻ ദൈവ ദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു (എബ്രായർ 1:3-4). വചനം ആയിരുന്ന കർത്താവാണ് ജഡമായി നമ്മുടെ ഇടയിൽ വസിച്ചിരുന്നത്. അവൻ ദൈവത്തോടുകൂടെയായിരുന്നു. ദൈവികത്വത്തിലെ ദൈവത്തോടുകൂടെയും പരിശുദ്ധാത്മാവിനോടുകൂടെയുമായിരുന്ന ഒരു വ്യക്തിയായിരുന്നു യേശു. ദൈവം നിത്യനാണ്; അവന്നു ആരംഭമോ അവസാനമോ ഇല്ല. യേശുവും അങ്ങനെ തന്നെ (യെശയ്യാവ് 63:16). അവൻ ഇന്നലെയും ഇന്നും എന്നേക്കും ഉള്ളവനത്രേ (എബ്രായർ 13:8). ദൈവ സൃഷ്ടിയുടെ ആരംഭമാണ് (വെളിപ്പാട് 3:14). അവൻ ആദിയും അന്തവുമാകുന്നു (വെളിപ്പാട് 22:13).

സകലത്തെയും സൃഷ്ടിച്ച സൃഷ്ടികർത്താവാണ് യേശുക്രിസ്തു. ഉല്പത്തി 1:11-ൽ നാം വായിക്കുന്നതു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നാണ്. എബ്രായ ഭാഷയിൽ ദൈവം എന്ന വാക്കു ബഹുവചന രൂപത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ പിതാവും, വചനവും പരിശുദ്ധാത്മാവും അടങ്ങിയിട്ടുണ്ട്. നാം നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിക്ക എന്നു ദൈവം പറയുന്നുണ്ട് (ഉല്പത്തി 1:26). യേശുക്രിസ്തുവിനെ പററി അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നതു: അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിക്കും ആദ്യ ജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ച്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (കൊലൊസ്യർ 1:15-16).

ഭൗമികമായ ഒരു പിതാവു കൂടാതെ കന്യകയായിരുന്ന മറിയത്തിലൂടെ യേശു ഈ ഭൂമിയിൽ മനുഷ്യനായി പിറന്നു ദൈവ ശക്തിയാലായിരുന്നു ഇതു സംഭവിച്ചത്. അനേക നൂററാണ്ടുകൾക്കു മുമ്പു തന്നെ യെശയ്യാ പ്രവാചകൻ ഈ പ്രത്യേക ജനനത്തെ മുന്നറിയിച്ചിരുന്നു. ആകയാൽ കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും. കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടും. പരിശുദ്ധാത്മാവിനാലായിരുന്നു മറിയ ഗർഭിണിയായത്. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു ദൈവ ദൂതൻ മറിയയെ വിവാഹ നിശ്ചയം ചെയ്തിരുന്ന യോസേഫിനോടു ദൈവ ദൂതൻ അരുളിച്ചെയ്തു. ഈ

വാക്യങ്ങളിൽ നിന്നും യേശുവിൻെറ ജനനം അത്ഭുതകരമായിരുന്നു എന്നു കാണാം. അവൻ വെറുമൊരു മനുഷ്യൻ മാത്രമായിരുന്നില്ല.

തന്നെത്താൻ ഒഴിച്ചു മനുഷ്യ വേഷമെടുത്തു യേശു ദൈവത്തോടുള്ള സമത്വം സ്വർഗ്ഗത്തിൽ ഉപേക്ഷിച്ചാണ് വന്നത്. ഭൗതിക ജനനം സ്വീകരിച്ചതോടുകൂടെ അവൻ മനുഷ്യരുടെ ഒരു സഹോദരനായി തീർന്നു (ഫിലിപ്പിയർ 2:6-8). മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുവാനാണ് അവൻ ഈ ഭൂമിയിലേക്കു വന്നതു. ദൈവം, തൻെറ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. തൻെറ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹന്നാൻ 3:16-17). കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യ പുത്രൻ വന്നതു (ലൂക്കൊസ് 19:10).

യേശു, ദൈവ പുത്രനാണെന്നു തെളിയിക്കുന്നതിനു അവൻ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മററു അനേകം അത്ഭുതങ്ങളും യേശു തൻെറ ശിഷ്യന്മാർ കാൺകെ ചെയ്തു, എന്നാൽ യേശു ദൈവ പുത്രനായ ക്രിസ്തു തന്നെ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നു വിശ്വസിച്ചിട്ടു അവൻെറ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30-31).

യേശു, ക്രൂശിൽ മരിച്ചതുകൊണ്ടു അവനിൽ വിശ്വസിക്കുന്നവർക്കു രക്ഷക്കും നിത്യജീവനും ഉള്ള പ്രത്യാശ ഒരുക്കി. പൌലൊസ് അപ്പൊസ്തലൻ പറയുന്നതു: എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതു വ്യർത്ഥമാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്ന

തുമായ സുവിശേഷം നിങ്ങാം പിടിച്ചുകൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോടു സുവിശേഷിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങാംക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാം ഉയിർത്തെഴുന്നേററു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു നിങ്ങാംക്കു ഏല്പിച്ചു തന്നുവല്ലൊ എന്നത്രെ (1 കൊരിന്ത്യർ 15:1-4).

തൻെറ കല്പനകാം പ്രമാണിച്ച് തൻെറ ഭവനമാകുന്ന സഭയിൽ വിശ്വസ്തമായി ജീവിക്കുന്നവരെ അവൻ രക്ഷിക്കും (മത്തായി 16:18; പ്രവൃത്തി 20:28). അവൻ രക്തം ചിന്തിയതു സഭയെ വിലെക്കു വാങ്ങുവാനായിരുന്നു. അവൻെറ രക്തത്താൽ വിശുദ്ധീകരണം ലഭിച്ചവരെ അവൻ രക്ഷിച്ച് തൻെറ സഭയിലേക്കു ചേർക്കുന്നു. സഭ അവൻെറ ശരീരമാണ്. ആ ശരീരത്തിൻെറ തലയാണ് ക്രിസ്തു (എഫെസ്യർ 5:23-25; 3:15; പ്രവൃത്തി 2:47; 4:12). അവൻ സഭയുടെ രക്ഷിതാവാണ്. ഒരിക്കൽ വീണ്ടും വന്നു ആ സഭയെ പിതാവിനു ഏല്പിച്ചു കൊടുക്കും.

നമുക്കു ഒരേ ഒരു പിതാവും ഒരേ ഒരു കർത്താവും ഒരേ ഒരു ആത്മാവും മാത്രമെയുള്ളു. മതപരമായി സകല അധികാരവും യേശുക്രിസ്തുവിനാണുള്ളത്. അവൻ മാത്രമാണ് മനുഷ്യർക്കും ദൈവത്തിനും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ. സ്വർഗ്ഗത്തിൽ പിതാവിൻെറ വലതു ഭാഗത്ത് ഇരുന്നു അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ വീണ്ടും വരുമ്പോാം അവനെ അനുസരിച്ച് ജീവിച്ചവരെ തൻെറ പിതാവിൻെറ ഭവനത്തിലേക്കു ആനയിക്കുന്നു (യോഹന്നാൻ 14:1-3).

★

# സത്യത്തെ അവഗണിക്കൽ

**ജോണി രാംസെ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ശരിയായി ദൈവത്തെ ആരാധിക്കുവാൻ കുഴപ്പം നേരിടുമ്പോഴും ദൈവത്തെ സേവിക്കാൻ തടസം നേരിടുമ്പോഴും ജീവിതം കഠിനമാകുന്നു (മലാഖി 1:13). സൃഷ്ടിയും സൃഷ്ടികർത്താവും തമ്മിലുള്ള ബന്ധം വേർപിരിക്കാൻ പററാത്ത ഒന്നാണ്. നമ്മുടെ ജീവനേക്കാൾ വലിയവനാണ് നമ്മുടെ രക്ഷിതാവ്. ഓരോ ദിവസവും നാം അവനോടു കൂടുതൽ പററിചേരുകയാണ് വേണ്ടത്. അവന്റെ ശുദ്ധീകരണ ശക്തിയും ത്രസിപ്പിക്കുന്ന സ്നേഹവും ആണ് നമ്മെ അവനുമായി ബന്ധിപ്പിക്കുന്നത്.

നാം എസ്രാ ശാസ്ത്രിയെ പോലെ കർത്താവിന്റെ പ്രമാണങ്ങളെ വായിച്ച് ഗ്രഹിച്ച് പ്രമാണിച്ചാൽ സ്വാഭാവികമായും ശക്തമായ ജീവിതം നയിക്കാൻ നമുക്കു കഴിയും. തന്നെയുമല്ല, വിശ്വാസ വ്യവസ്ഥയിൽ നിന്നു വഴുതി പോകുവാൻ സാദ്ധ്യതയുള്ളവർക്കു നാം സഹായകരമായി തീരുകയും ചെയ്യും. ദുരുപദേഷ്ടാക്കളും കള്ളപ്രവാചകന്മാരും മുൻപുണ്ടായിരുന്നതുപോലെ നമ്മുടെ ഈ കാലയളവിലും ഉണ്ട് (2 പത്രോസ് 2:1; 1 യോഹന്നാൻ 4:1). ദൈവ വചനമെന്ന ശക്തമായ ആത്മാവിന്റെ വാളിനാൽ അതു എതിർക്കേണ്ടതാണ് (എഫെസ്യർ 6:17). സുവിശേഷത്തെ കോട്ടി മറിച്ചു കളയുന്നവരെ പുറത്തു കാണിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യരുത്. അവർ തെററു തിരുത്തിയാൽ ക്ഷമിക്കാം (ഗലാത്യർ 1:6-9; 2 യോഹന്നാൻ 9-11). എന്തു സംഭവിച്ചാലും നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:29). അതു നാം ധൈര്യത്തോടെ ചെയ്യണം (പ്രവൃത്തി 14:3).

അതുപോലെയുള്ള കാര്യങ്ങാം ധൈര്യപൂർവ്വം പ്രവർത്തിക്കാതിരിക്കുന്നതു ആരോഗ്യപരമോ നല്ല പരീക്ഷണമോ ആകുകയില്ല. നമ്മുടെ രക്ഷിതാവു തരുന്ന സന്ദർഭത്തെ എതിർക്കുകയാണ് അവർ ചെയ്യുന്നത്. നാം തിരുവെഴുത്തിലെ യാഥാർത്ഥ്യ ബോധത്തെ വായിച്ചു ബോധ്യപ്പെട്ട്, സാത്താനോടു ഒരു യുദ്ധത്തിനു തയ്യാറാകുന്നുവെങ്കിൽ സംശയത്തെ ദൂരീകരിക്കാനും അവൻെറ പരീക്ഷണത്തിൽ പരാജിതരാകാതിരിക്കാനും കഴിയും. കൂടാതെ നിരന്തരമായ പ്രാർത്ഥനയും കടമകാം നിർവ്വഹിക്കുന്നതും നാം മുടക്കരുത്. നമ്മുടെ എതിരാളിയും ശത്രുവും ശക്തനാണെങ്കിലും അവൻെറ ശക്തിയേക്കാം ദൈവം ശക്തനാണെന്നു നാം തിരിച്ചറിയണം (1 യോഹന്നാൻ 4:4; 3:8; 5:4). സത്യത്തിനു ഒരു വിട്ടുവീഴ്ച്ചയും ചെയ്യരുത് (മത്തായി 12:30). ഇരുളിനും വെളിച്ചത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല (2 കൊരിന്ത്യർ 6:14). നിർമ്മലവും ശക്തവുമായ വചനത്തിനു പകരമായി മറെറാന്നില്ല (യെശയ്യാവ് 30:10; യിരമ്യാവ് 9:3).

നമുക്കു തിരഞ്ഞെടുക്കുവാൻ മറെറാന്നില്ല. യോശുവ പറഞ്ഞതുപോലെ പറയുവാനേ സാധിക്കൂ. 'ഞാനും എൻെറ കുടുംബവുമോ ഞങ്ങാം യഹോവയെ സേവിക്കും'. ജീവനേയും മരണത്തേയും നോക്കുമ്പോാം അതിനേക്കാം വലുതാണ് സത്യം. വിശ്വാസ ത്യാഗത്തെ നാം കണ്ടുകൊണ്ടാണ് ജീവിക്കുന്നത്. പഴയ ലൗകിക മനുഷ്യനായ പാപ ജീവിതത്തെ വിട്ടു കളഞ്ഞ് ദൈവ സന്നിധിയിൽ വന്നു നാം സന്തോഷവും ദൈവ മഹത്വവും അനുഭവിച്ചവരാണ് (വെളിപ്പാട് 14:13).

സുവിശേഷത്തിൻെറ ശത്രുക്കാം ഒന്നാം നൂററാണ്ടിൽ ദൈവ കുഞ്ഞാടിൻെറ അനുയായികളെ ഉപദ്രവിക്കുകയും തടവിലാക്കുകയും അറുക്കുകയും ചെയ്തിട്ടുണ്ട്. യെഹൂദമതം, തത്വശാസ്ത്രം, റോമൻ എതിർപ്പ് എന്നിവ യോജിച്ച് ക്രിസ്ത്യാനിത്വത്തിൻെറ ശത്രുക്കളായി മാറി.

അനേക ചരിത്രകാരന്മാർ പറഞ്ഞതുപോലെ വീണ്ടെടുപ്പുകാരന്റെ സൈന്യമായിരുന്നു വിജയിച്ചത്. കാരണം ക്രിസ്ത്യാനിത്വത്തെ ഇല്ലാതാക്കാൻ അവർക്കൊന്നും കഴിഞ്ഞില്ല."

രക്തസാക്ഷികൾ ചൊരിഞ്ഞ രക്തം രാജ്യത്തിന്റെ വ്യാപ്തിക്കു നിമിത്തമായി തീർന്നു. വിശ്വാസത്യാഗം നമ്മുടെ കാലയളവിലും തല പൊക്കുന്നുണ്ട്. ആ തെററിനെ പരാജയപ്പെടുത്തുവാൻ നമ്മിലെ നന്മ ഉണരണം. ആരാധനയുടെ കാര്യത്തിലും, ഉപദേശത്തിലും, ധാർമ്മികതയിലും വിവാഹത്തിലോ, ഉപേക്ഷണകാര്യത്തിലോ, ശവസംസ്ക്കാര കാര്യത്തിലോ അധികാരികളുടെ മുൻപിലോ നാം നമ്മുടെ മുട്ട് മടക്കാനിടയാകരുത്. യേശുക്രിസ്തുവിന്റെ മുൻപിൽ മാത്രമേ നമ്മുടെ മുട്ടു മടങ്ങാവു. നാം എവിടെയായിരുന്നാലും, പ്രസംഗ പീഠത്തിലും, ക്ലാസിലും, കോളേജിലും പ്രവൃത്തി മേഖലകളിലും വീട്ടിലും തെരുവിലും വ്യക്തിപരമായ പ്രവർത്തനങ്ങളിലും നാം ദൈവ വചനത്തോടു സത്യസന്ധത പുലർത്തി ജീവിക്കണം. നാം ധാർമ്മികതയിലും ആധുനികതയിലും വ്യക്തിപരമായ നിർമ്മലത സൂക്ഷിക്കണം. നാം ക്രിസ്തുവിന്നുള്ളവരാണെന്ന ഓർമ്മ വിട്ടുകളയരുത്.

വിശ്വാസത്യാഗം നമ്മുടെ കാലയളവിലും സംഭവിക്കുന്നു. ക്രിസ്തുവിന്റെ അധികാരത്തെ ഉപേക്ഷിച്ച് മാനുഷിക അധികാരത്തിനു കീഴ്പ്പെടുന്നവരാണവർ. റേഡിയോ, ടെലിവിഷൻ, പേപ്പർ, മാസിക തുടങ്ങിയ വിവിധ മാദ്ധ്യമങ്ങളിലൂടെ ദുരുപദേശങ്ങൾ ഓരോ ഭവനത്തിലും എത്തിക്കുന്നുണ്ട്. എന്നാൽ നാം ബൈബിൾ വിശ്വാസവും, ബൈബിൾ പ്രകാരമുള്ള ആരാധനയും ബൈബിൾ അനുസരിച്ചുള്ള ജീവിതവും നയിക്കണം (ഫിലിപ്പിയർ 3:14).

★

# നല്ലവരായ എല്ലാവരും രക്ഷിക്കപ്പെടുമോ ?

## റോഡ് റൂതർഫോർഡ്

പലപ്പോഴും ആളുകൾ പറഞ്ഞു കേട്ടിട്ടുള്ളതു: നല്ലവരായ ആളുകൾ എല്ലാം രക്ഷിക്കപ്പെടും; അവരെ ഒന്നും ദൈവം നശിപ്പിക്കയില്ല എന്നാണ്. അതിൽ അവർ അർത്ഥമാക്കുന്നതു എല്ലാ വിഭാഗങ്ങളിലും ഉൾപ്പെടുന്ന ധാർമ്മികരായ നല്ലവരെയാണ്. ഒരു വിഭാഗത്തിലും, ഒരു സഭയിലും അംഗമാകാത്ത നല്ലവരും ഇവരുടെ പരിഗണനയിൽ ഉണ്ട്. അവരും രക്ഷിക്കപ്പെടും എന്നാണ് ഇവർ കരുതുന്നതു. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ? സത്യവേദപുസ്തകം എന്താണ് പറയുന്നത് ? മതപരമായ ഏതു ചോദ്യങ്ങൾക്കും ആധികാരികമായ ഉത്തരം ബൈബിളിലാണല്ലൊ ഉള്ളത്.

ഒരാൾക്കു തന്റേതായ നന്മ വേണ്ടത്ര ചെയ്തു രക്ഷ നേടുവാൻ സാദ്ധ്യമല്ല എന്നാണ് ബൈബിൾ പറയുന്നതു. ജനങ്ങൾക്കു അവരുടെ സൽപ്രവൃത്തികളാൽ രക്ഷ നേടാൻ കഴിയുമായിരുന്നെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ലല്ലൊ. കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു: അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല (എഫെസ്യർ 2:8-9). റോമർക്കു ലേഖനം എഴുതുമ്പോൾ പൌലൊസ് പറയുന്നതു: ക്രിസ്തുവോ നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നു വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം ത

നീക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:6-8).

നന്മയും തിന്മയും വിവേചിച്ചറിയാൻ തക്ക പ്രായത്തോളം ജീവിച്ച ഏററവും നല്ല ആളുകരം പോലും പാപം ചെയ്യാതെ ജീവിച്ചിട്ടില്ല. ബൈബിരം പറയുന്നു, എന്നാൽ നമുക്കു എന്തെങ്കിലും പ്രത്യേകതയുണ്ടോ ? ഇല്ല, ഒരു വിധത്തിലുമില്ല. യഹൂദന്മാരും ജാതികളും ഒരുപോലെ പാപത്തിൻ കീഴായിപ നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല. എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി (റോമർ 3:9; 10,23).

ധാർമ്മികമായി നല്ലൊരു മനുഷ്യനെ അപ്പൊസ്തല പ്രവൃത്തി പത്താം അദ്ധ്യായത്തിൽ നാം വായിക്കുന്നു. മത ഭക്തനായ ഒരു നല്ല മനുഷ്യനായിരുന്നു അവൻ. ധർമ്മം കൊടുക്കുന്നവനുമായിരുന്നു. എന്നാൽ അവൻ രക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നു. ഈ വ്യക്തിയെ കുറിച്ചു തിരുവെഴുത്തു എന്തു പറയുന്നു എന്നു നോക്കാം. കൈസര്യയിൽ ഇത്താലിക്ക എന്ന പട്ടാളത്തിൽ കൊർന്നെല്യോസ് എന്നു പേരുള്ളോരു ശതാധിപൻ ഉണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു (പ്രവൃത്തി 10:1-2). ഏക സത്യ ദൈവത്തിൽ വിശ്വസിച്ചിരുന്ന, ആരാധിച്ചിരുന്ന വ്യക്തി ആയിരുന്നു. ദൈവത്തെ ഭയപ്പെടുവാൻ അവൻ തന്റെ ഭവനത്തേയും പഠിപ്പിച്ചിരുന്നു. സദാ പ്രാർത്ഥിക്കുന്നവനുമായിരുന്നു. ദയാതൽപരനായിരുന്നതുകൊണ്ടു സാധുക്കളെ സഹായിക്കയും ചെയ്തിരുന്നു. അങ്ങനെ വിശ്വാസവും നല്ല പ്രവർത്തികളും എല്ലാം അവനിൽ ഉണ്ടായിരുന്നിട്ടുപോലും അവനും രക്ഷ ആവശ്യമായിരുന്നു.

അവൻ തന്റെ വീട്ടിൽ ഒരു ദൂതൻ നില്ക്കുന്നതു കണ്ടു എന്നും നീ യോപ്പയിലേക്കു ആളയച്ചു പത്രൊസ് എ

ന്നു മറുപേരുള്ള ശിമോനെ വരുത്തുക; നീയും നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിന്നോടു സംസാരിക്കും എന്നു ദൂതൻ പറഞ്ഞു എന്നും ഞങ്ങളോടു അറിയിച്ചു. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ എന്നു ചോദിച്ചാൽ അവരുടെ പ്രവൃത്തികളാൽ ഇല്ല എന്നതാണ് ഉത്തരം. നല്ലവരായ ആളുകൾ പോലും പാപം ചെയ്തിട്ടുണ്ട്. ഒരു വ്യക്തിയുടെ പാപം പോലും അയാളെ സ്വർഗ്ഗത്തിൽ നിന്നു അകററി നിർത്തിയേക്കാം. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (വെളിപ്പാട് 21:27).

ന്യായപ്രമാണത്തിലായിരുന്നവർ ഒന്നിൽ തെററിയാൽ സകലത്തിലും തെററുകാരനായി തീർന്നു എന്നാണ് പറഞ്ഞിരിക്കുന്നതു. ക്രിസ്തുവിനും ക്രിസ്തുവിന്റെ യാഗത്തിനുമാണ് പാപം മോചിക്കുവാൻ കഴിയുന്നതു (വെളിപ്പാട് 1:5). ഇതു സാദ്ധ്യമാകുന്നതു നാം ക്രിസ്തുവിന്റെ സുവിശേഷവുമായി ബന്ധപ്പെടുമ്പോഴാണ്. ഇനി താമസിക്കുന്നതു എന്തു? എഴുന്നേററു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു സ്നാനമേററു നിന്റെ പാപങ്ങളെ കഴുകികളക എന്നു അനന്യാസ് ശൗലിനോടു പറയുകയുണ്ടായി (പ്രവൃത്തി 22:16).

മതപരമായ എല്ലാ നല്ല ആളുകളും, ധാർമ്മികരായ എല്ലാ നല്ല ആളുകളും അവരുടെ നല്ല പ്രവൃത്തികളാൽ രക്ഷിക്കപ്പെടുമെന്നു ഒരിക്കലും കരുതേണ്ട. ദൈവത്താൽ നീതീകരിക്കപ്പെട്ടാൽ മാത്രമെ നാം നീതിമാന്മാരാകയുള്ളു. സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും എന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ട് (മത്തായി 15:13).

★

# ഗൾഫിൽ നിന്ന് മടങ്ങിയവരുടെ പ്രശ്നങ്ങൾ പരിഹരിക്കും

ഗൾഫിൽനിന്നു ജോലി നഷ്ടപ്പെട്ടു നാട്ടിൽ മടങ്ങി എത്തിയ കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അർഹതയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്നു മന്ത്രി കെ.ഇ. ഇസ്മാഈൽ പ്രസ്താവിച്ചു. ആൾ ഇന്ത്യ ഗൾഫ് റിട്ടേണീസ് അസോസിയേഷൻ ദക്ഷിണ കേരള സമ്മേളനം വർക്കലെ മൈതാനിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കാൻ ഗണ്യമായ സംഭാവന നൽകിയ വിഭാഗമാണ് ഗൾഫ് മലയാളികളെന്നു മന്ത്രി പറഞ്ഞു. ചുരുക്കം ചില സമ്പന്നരൊഴിച്ചു ജീവിതത്തിൽ വഴിമുട്ടി നിൽക്കുന്നവരാണ് പ്രവാസികളും മടങ്ങി വന്നവരുമെന്നു സർക്കാരിനു ബോധ്യമുണ്ട്.

അതിന്റെ അടിസ്ഥാനത്തിലാണ് അവർക്കായി ഗവൺമെന്റ് ഒരു പ്രത്യേക വകുപ്പ് രൂപവൽകരിച്ചു പ്രവർത്തനം ആരംഭിച്ചത്. ഇൻഷുറൻസ് വിദേശത്തു മരിക്കുന്നവരുടെ ജഡം നാട്ടിലെത്തിക്കുന്നതിനുള്ള ക്രമീകരണം തുടങ്ങിയവ നടപ്പാക്കി വരുന്നു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തി പുനരധിവാസം സംബന്ധിച്ച കാര്യങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിൽ കൊണ്ടു വരുമെന്നു മന്ത്രി പറഞ്ഞു. ധനസഹായ വിതരണവും മന്ത്രി നിർവഹിച്ചു.

## ചെറുകിട വ്യവസായങ്ങൾക്ക് 51.50 ലക്ഷത്തിന്റെ സഹായം

തിരുവനന്തപുരം: ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് ചെറുകിട വ്യവസായങ്ങൾക്കു 54.50 ലക്ഷം രൂപയുടെ സഹായം അനുവദിച്ചു.

പട്ടികജാതി വ്യവസായ ഗ്രൂപ്പുകൾക്കു 42.50 ലക്ഷവും വനിതാ വ്യവസായ വികസനത്തിന് ഒൻപതു ലക്ഷവും വികലാംഗർ നടത്തുന്ന സംരംഭങ്ങൾക്കു മൂന്നു ലക്ഷവുമാണ് അനുവദിച്ചതെന്നു വികസന സ്റ്റാൻഡിങ് കമ്മിററി ചെയർമാൻ വെഞ്ഞാറമൂട് ശശി അറിയിച്ചു.

അഞ്ചുപേരിൽ കുറയാത്ത അംഗങ്ങളുള്ള ചാരിററബിൾ സൊസൈററിയായോ വ്യവസായസംഘമായോ രജിസ്ററർ ചെയ്ത പട്ടികജാതി സംഘങ്ങളിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ഫർണിച്ചർ യൂണിററ്, ഇലക്ട്രോണിക് യൂണിററുകൾ തുടങ്ങിയ ചെറുകിട സംരംഭങ്ങൾക്കാണ് സഹായം.

തെരഞ്ഞെടുത്തവരുടെ പട്ടിക ജില്ലാ പഞ്ചായത്തിൽ ലഭ്യമാണ്. ധനസഹായ വിതരണം 12-നു രാവിലെ 11 മണിക്ക് വെള്ളയമ്പലം വാട്ടർ വർക്സ് കോംപൗണ്ടിലുള്ള ജില്ലാ വ്യവസായ കേന്ദ്രം ഡോക്യുമെന്റേഷൻ സെൻററിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി. ഗംഗാധരൻ നാടാർ വിതരണം ചെയ്യും. ഗുണഭോക്താക്കൾ അന്നു സെൻററിലെത്തി ധനസഹായം വാങ്ങണമെന്നു ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

## മുല്ലപ്പെരിയാർ: കേരളം പരാജയപ്പെട്ടു

തിരുവനന്തപുരം: മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരള താൽപര്യങ്ങൾ ഒന്നടങ്കം ശക്തമായി ഉന്നയിച്ചു വാദിച്ചു നേടിയെടുക്കുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടെ

ന്ന് എൻ. ശ്രീകണ്ഠൻനായർ പഠനഗവേഷണ കേന്ദ്രം സെക്രട്ടറി എം. എം. സിയാദ് ആരോപിച്ചു. മുല്ലപ്പെരിയാർ ഡാമിൽനിന്നു തമിഴ്നാട് അമിതമായി വെള്ളം ചോർത്തുന്നതു തടയാൻ മുഖ്യമന്ത്രിതല ചർച്ചയിൽ തീരുമാനമായില്ല. തമിഴ്നാട് നടത്തിയ അനധികൃത നിർമാണ പ്രവർത്തനങ്ങൾ പൂർണമായി നീക്കാമെന്ന ഉറപ്പു വാങ്ങാനും സാധിച്ചില്ല. പുതിയൊരു ഡാം പണിയാമെന്ന കേന്ദ്ര ജല കമ്മിഷൻെറ വിലക്ഷണ നിർദേശം ഏററു പിടിച്ച സർക്കാർ നടപടി ആമ്പരപ്പിക്കുന്നതാണ്. കാലഹരണപ്പെട്ട മുല്ലപ്പെരിയാർ കരാർ റദ്ദാക്കണമെന്നോ, കേരളം നൽകുന്ന വെള്ളത്തിനു കാലോചിതമായി നിരക്കു പരിഷ്കരിക്കണമെന്നോ വിട്ടുവീഴ്ചയില്ലാതെ കേരള സർക്കാർ വാദിക്കാത്തതു തെററായി.

മുല്ലപ്പെരിയാർ ഡാം സുരക്ഷിതത്വം പഠിക്കാൻ നിയോഗിച്ച രണ്ടു വിദഗ്ധ സമിതികളുടെയും റിപ്പോർട്ടുകൾ ഇരു സർക്കാരുകളും ഉടൻ പുറത്തുവിടണം. മുല്ലപ്പെരിയാർ തർക്കത്തിൻെറ ചരിത്രത്തെപ്പററി സർക്കാർ ഉടൻ ധവളപത്രം ഇറക്കണമെന്നു സിയാദ് ആവശ്യപ്പെട്ടു.

## കരാർ നൽകിയതിൽ അഴിമതിയെന്ന്

മന്ത്രിമന്ദിരങ്ങളിലെ സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കുക, റീ വയറിങ് നടത്തുക തുടങ്ങിയ 12 ലക്ഷം രൂപയുടെ കരാർപണികൾ ക്വട്ടേഷൻ അടിസ്ഥാനത്തിൽ നൽകിയതിൽ അഴിമതി നടന്നതായി കേരള പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ആക്ഷൻ കൗൺസിൽ ആരോപിച്ചു.

ക്ലിഫ് ഹൗസ്, കൻേറാൺമെൻറ് ഹൗസ്, മൻമോഹൻ ബംഗ്ലാവ്, എസൻഡിൻ, കവടിയാർ ഹൗസ്, ഫൈൻ ആർട്സ് കോളേജ് ഹോസ്ററൽ, ഐ.എം. ജി. തുടങ്ങിയ സർക്കാർ മന്ദിരങ്ങളുടെ വൈദ്യുതികരാർ പണികൾ ഒരു കരാ

റുകാരനു തന്നെ എസ്റ്റിമേററ് റേററിനെക്കാളും 10% ഉയർന്ന നിരക്കിൽ കൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകുകയായിരുന്നു. വേണ്ടത്ര പരസ്യം ഇല്ലാതെ രഹസ്യമായിട്ടാണ് ഈ കരാറുകൾ ഉറപ്പിച്ചതെന്ന് കൗൺസിൽ ആരോപിച്ചു.

## ആരോഗ്യരംഗം കച്ചവടരംഗമാകുന്നത് ഒഴിവാക്കണം

ആരോഗ്യരംഗം വാണിജ്യവൽക്കരിക്കപ്പെടുന്നതു സമൂഹം നേരിടുന്ന വലിയ പ്രശ്നമാണെന്നു മന്ത്രി കെ. ഇ. ഇസ്മാഈൽ അഭിപ്രായപ്പെട്ടു.

ആരോഗ്യവകുപ്പ് സംഘടിപ്പിച്ച ലോകാരോഗ്യദിനം സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ലാഭം മാത്രം അടിസ്ഥാനമാക്കി സ്വകാര്യ ആശുപത്രികൾ സാമാന്യ ജനങ്ങളെ ചൂഷണം ചെയ്യുമ്പോൾ ഇതൊഴിവാക്കാൻ സർക്കാർ ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ആരോഗ്യരംഗത്തെ മാററങ്ങളുടെ ഭാഗമാണ് ആശുപത്രികൾ നടത്തുന്ന ചൂഷണം.

രക്തദാനത്തിന്റെ മഹത്വം ജനങ്ങളെ മനസിലാക്കാൻ സന്നദ്ധ സംഘടനകൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നു മന്ത്രി പറഞ്ഞു. സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന നിർധനരായ രോഗികളോടു സൗഹാർദ്ദപൂർണ്ണമായി പെരുമാറാൻ ഡോക്ടർമാർക്കു കഴിയണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ബി. വിജയകുമാർ എം.എൽ.എ. അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി. ഗംഗാധരൻ നാടാർ, മിത്രനികേതൻ ഡയറക്ടർ കെ. വിശ്വനാഥൻ എന്നിവർ പ്രസംഗിച്ചു.

★

# സ്നേഹത്തിൽ വെളിച്ചം പോലെ പ്രകാശിക്കുക

### ബി. ജെ. ക്ലാർക്ക്

വക്രതയും കോട്ടവുമുള്ള തലമുറയുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. അവരുടെ ഇടയിൽ നാം അഥവാ ദൈവ മക്കൾ വെളിച്ചമായി പ്രകാശിക്കണം (ഫിലിപ്പിയർ 2:15). അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ. ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസു കുരുടാക്കി (2 കൊരിന്ത്യർ 4:4). ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവ തേജസിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു (2 കൊരിന്ത്യർ 4:6). ക്രിസ്ത്യാനികളെ കുറിച്ചു അപ്പൊസ്തലൻ പറയുന്നതു: മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിന്റെ വെളിച്ചമാകുന്നു. കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവിൻ (എഫെസ്യർ 4:8-9).

വെളിച്ചത്തിന്റെ മക്കളായി തീർന്നവർക്കു ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളോടു യാതൊരു കൂട്ടായ്മയുമില്ല വെളിച്ചത്തിനു ഇരുളിനോടു സഖ്യതയില്ല. നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപിണ കൂടരുതു. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച ? വെളിച്ചത്തിനു ഇരുളിനോടു എന്തു കൂട്ടായ്മ ? (2 കൊരിന്ത്യർ 6:14). വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശ

ത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത ദൈവത്തിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു (കൊലൊസ്യർ 1:12-13).

പാപത്തിന്റെ അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ പല വിധത്തിൽ നമ്മിലുള്ള വെളിച്ചത്തെ പ്രകാശിപ്പിക്കുവാൻ കഴിയും. സ്നേഹം എന്ന സ്വഭാവത്തെ പ്രാവർത്തികമാക്കുന്നതിനേക്കാൾ മറിച്ചു വേറൊരു വഴിയും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. യേശുക്രിസ്തുവും ഒരു ന്യായശാസ്ത്രിയും തമ്മിലുള്ള സംഭാഷണത്തിൽ സ്നേഹത്തിന്റെ പ്രധാന്യത്തെ കാണാൻ കഴിയും. ന്യായശാസ്ത്രി യേശുവിനെ പരീക്ഷിക്കുന്നതിനാണ് വന്നത്. ന്യായപ്രമാണത്തിൽ ഏററവും വലിയ കല്പന ഏതെന്നായിരുന്നു അവന്റെ ചോദ്യം. യേശു അവനോടു ഉത്തരം പറഞ്ഞതു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസോടും പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കണം എന്നാകുന്നു. ഇതു ഒന്നാമത്തേതും ഏററവും വലിയതുമായ കല്പനയാകുന്നു. രണ്ടാമത്തേതു ഇതിനോടൊക്കുന്നു; നിന്നെപോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്ക. സകല ന്യായപ്രമാണവും പ്രവാചകന്മാരും ഈ രണ്ടു കല്പനകളിൽ അടങ്ങുന്നു (മത്തായി 22:37-40). ഈ സന്ദർഭം മനസിൽ വെച്ചുകൊണ്ടു നമുക്ക് എങ്ങനെ സ്നേഹത്തിൽ നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കാം എന്നു നോക്കാം.

## ദൈവത്തിനുവേണ്ടി സ്നേഹത്തിൽ വെളിച്ചമായി പ്രകാശിക്കാം

ഏററവും വലിയ കല്പന എടുത്തു പറയുമ്പോൾ കർത്താവു, പത്തു കല്പനകളിൽ ഒന്നെടുത്തു പറയുക

യല്ല ചെയ്തതു. അതിനു പകരമായി ആവർത്തന പുസ്തകം 6:5, ലേവ്യാപുസ്തകം 19:18 എന്നീ വേദഭാഗങ്ങൾ ഉദ്ധരിക്കുകയായിരുന്നു. വലുതും ഒന്നാമത്തേതുമായി യേശു ഇതു പറയുവാൻ കാരണമെന്തെന്നു പലരും ചിന്തിച്ചേക്കാം. കാരണമെന്തെന്നാൽ ഒരാൾ ദൈവത്തെ പൂർണ്ണ മനസോടും, പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കുകയാണെങ്കിൽ മററു കല്പനകൾ ഒക്കെ അവൻ അനുസരിക്കും. സ്നേഹവും അനുസരണവും അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നു. യേശു പറഞ്ഞു, നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എൻെറ കല്പനകളെ കാത്തുകൊള്ളും (യോഹന്നാൻ 14:15). യോഹന്നാൻ പറയുന്നതു: അവൻെറ കല്പനകളെ പ്രമാണിക്കുന്നതല്ലൊ ദൈവത്തോടുള്ള സ്നേഹം; അവൻെറ കല്പനകൾ ഭാരമുള്ളവയല്ല.

പരീശന്മാർ അനുസരണത്തിനാണ് അമിത പ്രാധാന്യം കൊടുക്കുന്നതു. പക്ഷെ അവരുടെ ഹൃദയവും അനുസരണവും തമ്മിൽ ബന്ധമില്ലെന്നു മാത്രം. അധരം കൊണ്ടു അവർ ദൈവത്തെ ബഹുമാനിക്കുന്നു. പക്ഷെ അവരുടെ ഹൃദയമോ ദൈവത്തിൽ നിന്നകന്നു പോയിരിക്കുന്നു. ആന്തരിക സ്വഭാവത്തേക്കാൾ അമിത പ്രാധാന്യം അവർ ബാഹ്യമായ പ്രവൃത്തികൾക്കാണ് കൊടുക്കുന്നതു. അനുസരണം വെറുമൊരു ചടങ്ങായി കൊണ്ടു പോകുന്നതിനേക്കാൾ ഹൃദയ പൂർവ്വം ചെയ്യണമെന്നാണ് കർത്താവു പറഞ്ഞതു. മർക്കൊസിൻെറ സുവിശേഷത്തിൽ ന്യായശാസ്ത്രിയുടെ പ്രതികരണം ഇങ്ങനെയാണെന്നു പറഞ്ഞിരിക്കുന്നു. നന്നു, ഗുരോ, നീ പറഞ്ഞതു സത്യം തന്നെ; ഏകനേയുള്ളു അവനല്ലാതെ മററാരുമില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നേ പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നേ എന്നു പ

റഞ്ഞു (മർക്കൊസ് 12:32-33). അവൻെറ ഉത്തരത്തിലെ ഒരു ഭാഗം സങ്കീർത്തനത്തിൽ നാം വായിക്കുന്നതിനോടു യോജിക്കുന്നു.

ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല. നീ ചെവികളെ എനിക്കു തുളെച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെ കുറിച്ചു എഴുതിയിരിക്കുന്നു, എൻെറ ദൈവമേ, നിൻെറ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെട്ടു; നിൻെറ ന്യായപ്രമാണം എൻെറ ഉള്ളിൽ ഇരിക്കുന്നു (സങ്കീർത്തനങ്ങൾ 40:6-8). ഈ ഭാഗം വായിക്കുമ്പോൾ, ദൈവം ഒരിക്കലും യാഗമോ വഴിപാടോ ആഗ്രഹിച്ചിരുന്നില്ല എന്നു തോന്നിപോകും. അങ്ങനെയുള്ള തോന്നൽ ശരിയല്ല. പുറപ്പാട് ലേവ്യാപുസ്തകം എന്നീ ഭാഗങ്ങൾ വായിച്ചാൽ ദൈവം അതെല്ലാം കല്പിച്ചിട്ടുള്ളതാണെന്നു കാണാം. വെറുതെ യാഗം കഴിക്കുന്നതോ വഴിപാടു കൊണ്ടു വരുന്നതോ അല്ല ദൈവം ഇച്ഛിക്കുന്നതു. ഹൃദയത്തിൽ തോന്നി വേണം ചെയ്യുവാൻ. ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ നാം ചെയ്യുന്നതു പൂർണ്ണമായ ഇഷ്ടത്തോടെയാണ്.

ദൈവത്തിനിഷ്ടമില്ലാത്ത രീതിയിൽ നാം എന്തു ചെയ്താലും കുററം തന്നെയാണ്. ദൈവ കല്പന അനുസരിക്കുന്നതുപോലും ദൈവം സംപ്രീതനാകുന്ന വിധത്തിൽ വേണം. യെശയ്യാവ്, മീഖാ എന്നീ പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾ പ്രത്യേകം വായിച്ച് മനസിലാക്കുക (യെശയ്യാവ് 1:10-15; മീഖാ 6:6-8). നമ്മുടെ ഹൃദയത്തിൽ പൂർണ്ണമായ സ്നേഹത്തോടെ വേണം നാം ദൈവത്തെ ആരാധിക്കുവാൻ. ഒരു ചടങ്ങായി മാത്രം കാര്യങ്ങൾ ചെയ്യുകയും നമ്മുടെ മനസാക്ഷി എവിടെയോ ആയിരിക്കയും ചെയ്താൽ അതു ക്രമ വിരുദ്ധം തന്നെയാണ്.

*

# നിനക്കു എന്നോടു പ്രിയമുണ്ടോ?

റോബർട്ട് ടെയിലർ

പ്രിയമെന്ന വാക്ക് അന്യോന്യമുള്ള ബന്ധത്തെ ഉറപ്പിക്കുന്നതാണ്. ഇതുപോലുള്ള പദങ്ങൾ ധാരാളം നമ്മുടെ ഉപയോഗത്തിൽ ഇരിക്കുന്നവയാണ്. യേശുക്രിസ്തുവും തന്റെ ശിഷ്യന്മാരും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടായിരുന്നു. അവൻ അവരുമായി ഇരിക്കുമ്പോൾ പത്രോസിനോടു ചോദിക്കുന്ന ഒരു ചോദ്യമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയം. അവർ പ്രാതൽ കഴിച്ചശേഷം യേശു, ശിമോൻ പത്രോസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ ഉവ്വു, കർത്താവേ എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലൊ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു. രണ്ടാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിനു അവൻ ഉവ്വു കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലൊ എന്നു പറഞ്ഞു. എന്റെ ആടുകളെ പാലിക്ക എന്നു അവൻ അവനോടു പറഞ്ഞു. മൂന്നാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നിനക്കു എന്നോടു പ്രിയമുണ്ടോ എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ പത്രോസ് ദുഃഖിച്ചു. കർത്താവേ നീ സകലവും അറിയുന്നു. എനിക്കു നിന്നോടു പ്രിയമുണ്ടു എന്നും നീ അറിയുന്നു എന്നു അവനോടു പറഞ്ഞു.

യേശുവിന്റെ ഉയിർപ്പിനു ശേഷമുള്ള പ്രത്യക്ഷതകളിൽ ഒന്നായിരുന്നു ഇത്. പല പ്രാവശ്യം അവൻ പ്രത്യക്ഷനായിട്ടുണ്ട്. ഗലീലാ കടൽ പുറത്തു നടന്ന ഒരു സംഭ

ഷണമായിരുന്നു ഇത്. പത്രോസിനോടൊപ്പം അവിടെ വേറെയും ശിഷ്യന്മാരുണ്ടായിരുന്നു. എന്നാൽ ഈ സംഭാഷണം പ്രാരംഭത്തിൽ യേശുവും പത്രോസും തമ്മിലായിരുന്നു. ഇതു മററുള്ളവരേയും നമ്മേയും ഇരുത്തി ചിന്തിപ്പിക്കുന്ന കാര്യമാണ്. മൂന്നു വാക്കുകളാണ് അതിൽ അടങ്ങിയിരിക്കുന്നതു. ''നിനക്കു എന്നോടു പ്രിയമുണ്ടോ ?' ഒരേ ചോദ്യം മൂന്നു പ്രാവശ്യം ആവർത്തിച്ചു ചോദിക്കുമ്പോൾ അതിൻെറ പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്നു. നമുക്കു ഒരുമിച്ച് ഈ വിഷയത്തെ ധ്യാനിച്ചു ഗ്രഹിക്കാം. ഈ സുപ്രധാനമായ ചോദ്യത്തെ നമുക്കു വിഭജിച്ചു പഠിക്കാം. അടിസ്ഥാനപരമായി വളരെ പ്രാധാന്യം അർഹിക്കുന്ന ചോദ്യമാണതു. നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടു ഈ വിഷയത്തെ ആഴമായി നമുക്കു ചിന്തിക്കാം.

## 1 ഇതു തിരിച്ചറിയാവുന്ന ചോദ്യമാണ്

സ്നേഹത്തെ സ്പർശിക്കുന്നുണ്ട് ഇതിൽ. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കാത്തവർ അധികം കാണുകയില്ല. കാരണം ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ ജൻമസിദ്ധമായി അതു അവനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു ലഭിക്കാതെ വരുമ്പോൾ ഉള്ളിൽ സംഘർഷവും പിരിമുറുക്കവും ഉണ്ടാകും. അതു കുട്ടികളിലും പ്രായമായവരിലും വാസ്തവമാണ് തിരിച്ചറിയാവുന്ന ഒരടയാളം പോലെയാണ് സ്നേഹം. മററൊന്നിൻെറ അടയാളമായി നാം ബാഡ്ജും ടോക്കണും ഉപയോഗിക്കാറുണ്ട്. തിരിച്ചറിയാൻ അതു സഹായകരമാണ്. കർത്താവിൻെറ ശിഷ്യത്വത്തിലും സ്നേഹത്തിനു ഒഴിച്ചുകൂടാനാവാത്ത ഒരു പങ്കുണ്ട്. യേശുവിൻെറ ഈ ഭൂമിയിലെ അവസാന ആഴ്ചയിൽ അവൻ മൂന്നു പ്രമുഖ കല്പനകൾ കൊടുക്കുന്നുണ്ട്. അവയിൽ സ്നേഹവും അടങ്ങിയിട്ടുണ്ട്. നേരിട്ടു സ്നേഹത്തെ ബന്ധപ്പെടുത്തിയാണ് ആ കല്പനകൾ അവൻ പുറപ്പെടുവിച്ചിരിക്കുന്നതു.

ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഔന്നത്യത്തെ മത്തായി തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 22:36-40); എല്ലാം കല്പനകളിലും പ്രാമുഖ്യമേറിയതു സ്നേഹമാണെന്നും അവിടെ പറഞ്ഞിട്ടുണ്ട്. രണ്ടാമത്തെ കല്പനയും അതിനോടു യോജിച്ചു നില്ക്കുന്നതു തന്നെ. ഒരാറം തന്നെപോലെ തന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കണം. യേശുവിനെ ക്രൂശിൽ തറച്ചു കൊല്ലുന്നതിനു മുൻപ് അവൻ സ്നേഹത്തിന്റെ പുതിയ കല്പന കൊടുക്കുന്നുണ്ട് (യോഹന്നാൻ 13:34,35). ശിഷ്യന്മാരോടു പറയുന്നതാണതു. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ എന്നാണ് അവൻ കല്പിച്ചതു. ലോകം അറിഞ്ഞിട്ടില്ലാത്ത സ്നേഹത്തിന്റെ ഉയർന്ന വ്യാപ്തി നാം ഇതിൽ കാണുന്നു. കുറഞ്ഞ മററെല്ലാം സ്നേഹവും പ്രയോജനരഹിതമത്രെ. സ്നേഹ സ്വഭാവത്തിന്റെ ഗുണഫലങ്ങൾ പൌലൊസ് വ്യക്തമാക്കുന്നുണ്ട് (1കൊരിന്ത്യർ 13:1-3).

ഈ വലിയ സ്നേഹത്തെക്കുറിച്ചു ഒരദ്ധ്യായം തന്നെ രചിച്ചിട്ടുണ്ട്. ഇതിൽ സ്നേഹത്തിന്റെ സ്വഭാവം, പെരുമാററം, പ്രവർത്തി, നിലനില്പ് എന്നിവ വിശദീകരിക്കുന്നുണ്ട്. വാചാലമായും വിദഗ്ദ്ധമായും ഉപയോഗിക്കാവുന്ന രീതിയിലാണ് പറഞ്ഞിരിക്കുന്നത് (1 കൊരിന്ത്യർ 13:1-13). വിശ്വാസത്തെക്കാളും പ്രത്യാശയെക്കാളും വലുതാണ് സ്നേഹം; സ്നേഹം എന്നേക്കും നിലനില്ക്കുന്നതുമാണ് (1 കൊരിന്ത്യർ 13:13). സ്നേഹം എന്നതു സമ്പൂർണ്ണതയുടെ ബന്ധമാണ് (കൊലൊസ്യർ 3:14). തികഞ്ഞ സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറെക്കുന്നു (1 പത്രൊസ് 4:8). സ്നേഹം ഒരുനാളും പരാജയപ്പെടുന്നില്ല (1 കൊരിന്ത്യർ 13:8). ക്രിസ്തീയ കൃപയുടെ പാരമ്യമാണ് സ്നേഹം (2 പത്രൊസ് 1:5-7). ദൈവം സ്നേഹമാണ്. യോഹന്നാൻ തന്റെ ഇരട്ട പ്രഖ്യാപനത്തിൽ അതു പറയുന്നുണ്ട് (1 യോഹന്നാൻ 4:8). നാം വാസ്തവത്തിൽ സ്നേഹിക്കുമ്പോൾ ദൈവത്തോടു

ള്ള നമ്മുടെ ബന്ധം പ്രകടമാകുന്നു. ഒരു വിശ്വാസിയെയും അവിശ്വാസിയെയും തമ്മിൽ വേർതിരിക്കുന്ന ഘടകമാണ് സ്നേഹം. അവരെ തമ്മിൽ തിരിച്ചറിയാവുന്ന അടയാളമാണ് സ്നേഹം.

ഒരു എരിവുള്ള ക്രിസ്ത്യാനിയും തണുത്ത ക്രിസ്ത്യാനിയും തമ്മിൽ വേർതിരിച്ചറിയാവുന്ന ഒന്നാണ് അവരിലെ സ്നേഹം. ഒരാൾ ദൈവത്തിനു കീഴ്പ്പെട്ടു ജീവിക്കുവാൻ അയാൾക്കു ദൈവത്തോടു സ്നേഹം ഉണ്ടായിരിക്കണം. ഒരാളുടെ സേവനം കണ്ടാൽ അറിയാം അയാൾ അതു സ്വമനസാലെ ചെയ്യുന്നതോ അല്ലയോ എന്നു. വാസ്തവത്തിലുള്ള ശിഷ്യത്വത്തിൻെറ അടയാളമായിട്ടു സ്നേഹത്തെ കാണാം. യഥാർത്ഥ ശിഷ്യൻെറ കർത്തൃസേവനം സ്നേഹത്തോടെയായിരിക്കും. സ്നേഹം അനുസരണത്തെ പ്രകടമാക്കുന്നു.

## 2 അതൊരു ശ്രേഷ്ഠമായ ചോദ്യമാണ്

മഹത്വത്തിൻെറ കർത്താവാണ് ആ ചോദ്യം ഉന്നയിച്ചതു എന്നതുകൊണ്ടാണ് ചോദ്യം ഉയർന്നതായി തീർന്നതു. അതു ആരോടു പറയുന്നു എന്നതും ശ്രേഷ്ഠതക്കു കാരണമായി തീരുന്നു. അറിയപ്പെടുന്ന അപ്പൊസ്തലനാണ്. അതിൻെറ മികച്ച സംക്ഷിപ്തതകൊണ്ടു അതു ഉയർന്നതാകുന്നു. ക്രിസ്തുവിൻെറ ശിഷ്യത്വം എന്നാൽ എന്താണോ അതിൻെറ അന്തർഭാഗത്തിലേക്കു ചെല്ലുന്നതിനാൽ ഇതു മേന്മയേറിയതാണ്. അതു ചോദിച്ച സമയവും പ്രാധാന്യമുള്ളതാകയാൽ അതിൻെറ ഔന്നത്യം മികവുററതാകുന്നു. ഉയിർപ്പിനുശേഷമുള്ളതാകയാലും അതിനു വിശേഷതയേറും. പത്രൊസ് യേശുവിനെ രണ്ടു പ്രാവശ്യം തള്ളിപ്പറഞ്ഞതിനാലും ആ ചോദ്യത്തിനു പ്രസക്തിയേറും.

★

# ക്രമേണ സംഭവിക്കുന്ന കാര്യങ്ങൾ

ഗ്ലെൻ കോളെ

കാര്യങ്ങളെ നമുക്കു വേഗത്തിൽ സംഭവിക്കുന്നവയെന്നും പടിപടിയായി അഥവാ സാവധാനത്തിൽ സംഭവിക്കുന്നവയെന്നും രണ്ടായി തരം തിരിക്കാം. ജീവിതം എന്നതു വെള്ളത്തിൽ ഉണ്ടാകുന്ന കുമിളപോലെയാണെന്നതു വാസ്തവമാണ് (യാക്കോബ് 4:14). അതിന്റെ അർത്ഥം, പെട്ടെന്നു അപ്രത്യക്ഷമാകുന്നു എന്നതാണ്. ക്രമേണ സംഭവിക്കുന്ന ധാരാളം സംഭവങ്ങൾ നമുക്കു ചുററും നടക്കുന്നുണ്ട്. പലരും അതു ശ്രദ്ധിക്കുന്നേയില്ല. നമ്മുടെ ജീവിതത്തിൽ നാം അതു തിരിച്ചറിയേണ്ടിയിരിക്കുന്നു.

നമ്മുടെ കുട്ടികൾ പെട്ടെന്നാണ് വളരുന്നത്, അതെപ്പോഴാണ് നാം ശ്രദ്ധിക്കുന്നത് ? രണ്ടു മൂന്നു വർഷങ്ങൾക്കുശേഷം കാണുന്ന സ്നേഹിതരോ ബന്ധുക്കളോ പറയുമ്പോഴായിരിക്കും. അതല്ലെങ്കിൽ അവരുടെ മുൻപത്തെ ഫോട്ടോ കാണുമ്പോഴായിരിക്കും. ചില കുട്ടികളുടെ അപ്പനോ അമ്മയോ വിദൂര സ്ഥലങ്ങളിൽ ജോലിക്കോ ബിസിനസിനോ പോയി ഏതാനും വർഷങ്ങൾക്കുശേഷം വീട്ടിലെത്തുമ്പോൾ അവരുടെ മക്കൾ വളർന്നു വലുതായിരിക്കുന്നതായി കാണും. അവർക്കു സംഭവിച്ച മാററം നിങ്ങളെ ആശ്ചര്യഭരിതരാക്കി മാററും. ഭൂരിഭാഗം സമയവും അവരുടെ വളർച്ച സാവധാനത്തിലാണ് എന്നു പറയാം. അവരുടെ വിദ്യാഭ്യാസവും ബിരുദവും വിവാഹവുമെല്ലാം സാവധാനത്തിൽ നടക്കുന്ന കാര്യങ്ങളാണ്. ദൈവമാണ് ഈ വളർച്ച അവർക്കു കൊടുത്തിരിക്കുന്നതു. നാമും അതേ ക്രമമനുസരിച്ചു വളർന്നു വന്നവരാണ്. പക്ഷെ ഈ വളർച്ചാ നിരക്ക് ഓരോരുത്തരുടെയും കാലയളവിൽ പരിഗണിക്കാതെ കടന്നു പോകുന്നു എന്നു പറയാം.

മാതാപിതാക്കൾക്കു പ്രായമാകുന്നതും പതുക്കെ സംഭവിക്കുന്ന ഒരു പ്രതിഭാസമാണ്. മക്കളുമൊത്തു ഒരുമിച്ചു താമസിക്കുന്നവർക്കു അവരിൽ ഉണ്ടാകുന്ന ഈ മാററം പെട്ടെന്നു ശ്രദ്ധിക്കാൻ പററിയെന്നു വരികയില്ല. എന്നാൽ മക്കൾ ദൂരെ എവിടെയെങ്കിലും ജോലിക്കു പോയി മടങ്ങി വരുമ്പോൾ അവർക്കു ഈ വ്യത്യാസം ഉടനെ തിരിച്ചറിയാൻ പററും. മുഖത്തോ നെററിയിലോ ചുളിവുകൾ ദൃശ്യമാകും. കറുത്ത മുടിക്കു നര കയറുന്നതുമെല്ലാം അവർക്കു പെട്ടെന്നു കാണാൻകഴിയും. ക്രമേണയുണ്ടാകുന്ന മാററമായതിനാലാണ് എപ്പോഴും അടുത്തുള്ളവർക്കു ശ്രദ്ധിക്കാൻ പററാത്തത്. പഴയ ഫോട്ടോ എടുത്തു നോക്കിയാൽ നമുക്കു സംഭവിച്ച മാററം എത്രത്തോളം ഉണ്ട് എന്നു തിരിച്ചറിയാം. ഓരോ യാത്ര കഴിഞ്ഞു വീട്ടിലെത്തുന്നവർക്കു ഈ വ്യത്യാസം പെട്ടെന്നു അനുഭവപ്പെടും. എങ്ങനെയായാലും ഒരു മാററം സംഭവിക്കുന്നു എന്നതു പരമാർത്ഥമാണ്. ഒരിക്കൽ അതു വളർച്ചയായിട്ടാണ് തോന്നിയതു. പിന്നീട് അതു ഒരു മാററമായിട്ട് തോന്നുന്നു. ഈ ക്രമേണ സംഭവിക്കുന്ന പല കാര്യങ്ങളും അതിവേഗം സംഭവിച്ചാൽ നമുക്കു വേദനയും സങ്കടവും അനുഭവപ്പെടും.

സാവധാനത്തിൽ ഉണ്ടാകുന്ന ജീവിതത്തിലെ മററു മാററങ്ങളെയും നാം പരിഗണിക്കേണ്ടതാണ്. ആത്മീയമായ കാര്യങ്ങൾ അവ നല്ലതായാലും മോശമായാലും വളരെ മന്ദഗതിയിൽ മാറിക്കൊണ്ടിരിക്കുന്നതിനാൽ അതു ശ്രദ്ധിക്കാതെ വിട്ടു കളയുന്നു. അങ്ങനെ വരുമ്പോൾ നിങ്ങൾ ചെയ്യേണ്ടതു അല്പം ഒന്നു നിന്നു ചിന്തിക്കുക. അഞ്ചു പത്തു വർഷങ്ങൾക്കു മുൻപ് ദൈവത്തോടും അവൻെറ വചനത്തോടും ഉള്ള നിങ്ങളുടെ ബന്ധം എങ്ങനെയായിരുന്നു ? ഇപ്പോഴുള്ള നിങ്ങളുടെ ആത്മീയ ജീവിത നിലവാരവും ശോധന ചെയ്യുക. അപ്പോൾ അറിയാം എത്രത്തോളം നിങ്ങൾ മാറിയിരിക്കുന്നു എന്ന്. ആ ചിന്ത നിങ്ങളിൽ ഗൂ

ണകരമായ ഫലമുളവാക്കാൻ സഹായിക്കും. ഭൗതികമായും ആത്മീകമായും ഉണ്ടാകുന്ന മാററത്തെ ബൈബിളുമായി താരതമ്മ്യം ചെയ്യുന്നതു നന്നായിരിക്കും. മാതൃകാപരമായ മാററത്തെ പ്രതിപാദിക്കുന്ന പ്രസ്താവനകൾ പൌലൊസിൻെറ ലേഖനങ്ങളിൽ കണ്ടെത്താവുന്നതാണ്.

അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിൻെറ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നു. കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം. ശാരീരികമായ മാററം ക്ഷയിച്ചു പോകുന്ന മാററമാണ്. അല്പമല്പമായി ആ ഒരവസ്ഥയിലേക്കാണ് നാം നീങ്ങുന്നത്. എല്ലാവരുടേയും ഉള്ളിൽ ഉള്ള വിചാരം ഇവിടെ എന്നും കഴിയാമെന്നാണ്. യാഥാർത്ഥ്യം നേരെ മിറിച്ചാണ്. ഭൗതികമായതെന്തും താല്ക്കാലികമായിട്ടുള്ളതാണ്. ആത്മീകം ആയിട്ടുള്ളതാണ് എന്നേക്കും നിലനില്ക്കുന്നത്.

പ്രായമായികൊണ്ടിരിക്കുന്ന നിങ്ങളുടെ ശരീരത്തിലെ ഈ മാററത്തെ നിങ്ങൾ എങ്ങനെയാണ് കാണുന്നത് ? ക്രമേണയുണ്ടാകുന്നതാണെങ്കിലും അതു സംഭവിക്കുന്ന മാററം തന്നെയാണ്. ഈ ദുഃഖകരമായ യാഥാർത്ഥ്യത്തെ കുറക്കുവാൻ തിളച്ചു മറിയുന്ന യുവത്വത്തിനു കഴിയുമോ ? ഒരിക്കലുമില്ല. യുവത്വത്തിൽ എന്തും ആകാം; എന്തും നേരിടാം എന്ന അമിതമായ ധൈര്യമുണ്ടാകും. പക്ഷെ കുറെ കഴിയുമ്പോൾ അതു പമ്പകടക്കും. പ്രായമാകുന്ന അസന്തുഷ്ടമായ അവസ്ഥ ഇല്ലാതാക്കാൻ ജീവിതത്തിൽ എന്തെങ്കിലും മാർഗ്ഗമുണ്ടോ ? ഉണ്ട്. ആത്മീകമാ

യി ദൈവ വചനം പഠിച്ച് വിശ്വാസപൂർവ്വം അനുസരിച്ച് വളരുമ്പോഴാം നമ്മിൽ ഉണ്ടാകുന്ന ആത്മീയ മാററം ഭൗതികമായ പ്രായത്തെ അതി ജീവിക്കുന്നു. ഒന്നു കുറയുമ്പോഴാം മററൊന്നു വളരുന്നു. ഒന്നു ഇല്ലാതാകുമ്പോഴാം മററൊന്നു നിലനില്ക്കുന്നു. അതാണ് പുറമെയുളള മനുഷ്യനും അകമെയുളള മനുഷ്യനും തമ്മിലുളള വ്യത്യാസം. പക്ഷെ നമ്മുടെ ആത്മികമായ ആന്തരിക മനുഷ്യനെ ദൈവ ഹിത പ്രകാരം സൂക്ഷിക്കണം. ഈ മാററവും പടിപടിയായി നടക്കുന്നതാണ്. എന്നാൽ ദൈവം ഇതിൻെറ നിയന്ത്രണത്തിനായി വരുന്നതുകൊണ്ടു നമുക്കു ഭയപ്പെടാനില്ല

ചില ആളുകളിൽ ഉണ്ടാകുന്ന ആത്മീയമായ മാററം വേദനാജനകമാണെന്നു പറയാതെ വയ്യ. പഴയ വിശ്വാസ്തമായ അവരുടെ വഴി വിട്ടുപോയ ചിലരെ കുറിച്ച് എല്ലാവർക്കും പറയുവാനുണ്ടാകും. സാവധാനത്തിൽ നടന്നിട്ടുളള ഉദാഹരണങ്ങളാണ് ഇവയും. ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവൻെറ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീർത്തനങ്ങൾ 1:1-2). ക്ഷമയോടെ നമ്മുടെ ജീവിതത്തെ നയിക്കേണ്ടതാണ്. നമ്മുടെ ലക്ഷ്യം തെററുവാൻ സമ്മതിക്കരുത്. അനുഗ്രഹത്തിനും ഭാഗ്യത്തിനും വേണ്ട മാററമായിരിക്കണം നമ്മിൽ ആത്മീയമായി വേണ്ടത്.

ക്രമേണയുണ്ടാകുന്ന ഉയർച്ചയായാലും താഴ്ച്ചയായാലും അതിൻെറ ഗുണവും ദോഷവും നാം തിരിച്ചറിയണം. നമ്മുടെ ഇടയിൽ നിന്നു ചിലർ പുറത്തു പോയിട്ടുണ്ട്. നാമധേയ വിഭാഗങ്ങളുടെ കൂരുക്കിൽ അകപ്പെട്ടിരിക്കുകയാണ്.

*

## YOUR ATTENTION PLEASE !

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To